പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 503 — 06.03.2012-ൽ മറുപടിയ്ക്ക്

## കായികരംഗത്തിന്റെ വളർച്ച ലക്ഷ്യമാക്കി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും, സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായികരംഗത്തിന്റെ വളർച്ച ലക്ഷ്യമാക്കി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | ഇതിനായി നടപ്പു സാമ്പത്തിക വർഷത്തിൽ 8 സ്കൂളുകളിൽ മൾട്ടി പർപ്പസ് പ്ലേ സ്പേസസ് എന്ന പദ്ധതിയും സ്കൂൾ തലം മുതൽ കുട്ടികളെ കായികരംഗത്തേയ്ക്ക് നയിക്കുന്നതിനുള്ള **'പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ'** എന്ന പദ്ധതിയും സ്കൂൾ തലത്തിൽ നീന്തൽ പരിശീലനം രക്ഷാ മാർഗ്ഗം എന്ന നിലയിലും കായികയിനം എന്ന നിലയിലും ലക്ഷ്യമിട്ട് സ്വിം എൻ സർവൈവ് എന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. കോട്ടയത്ത് ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിയ്ക്കുവാൻ കേന്ദ്രസർക്കാർ ആറുകോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ഉന്നതനിലവാരം പുലർത്തുന്ന 15 വയസ്സിനും 20 വയസ്സിനും ഇടയ്ക്ക് പ്രായമുള്ള അത്ലറ്റുകളെ കണ്ടെത്തി മികച്ച പരിശീലനം നൽകി അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിച്ച് മെഡൽ നേടുന്നത് ലക്ഷ്യമാക്കി എലൈറ്റ് അത്ലറ്റിക് ട്രെയിനിംഗ് സെന്റർ എന്ന പദ്ധതിയും ആവിഷ്ക്കരിച്ചിട്ടുണ്ട്.<br>മേൽ പറഞ്ഞ പദ്ധതികൾക്കായി യഥാക്രമം 150 ലക്ഷം രൂപ, 105 ലക്ഷം രൂപ, 15 ലക്ഷം രൂപ, 1,02,86,125/- രൂപ വകയിരുത്തിയിട്ടുണ്ട്. സ്വിം ആന്റ് സർവൈവ് പദ്ധതിക്കായി 12 ലക്ഷം രൂപ രാഷ്ട്രീയ ലൈഫ് സേവിംഗ് സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ പദ്ധതിയ്ക്കും വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് പറയാമോ ; നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വിശദമാക്കാമോ ; | | |
| (സി) | കൊയിലാണ്ടി മിനി സ്റ്റേഡിയം ആധുനികവത്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.